**കേരള സർക്കാർ**

## ധനകാര്യ (വ്യയം-സി) വകുപ്പ്

**<u>സർക്കുലർ</u>**

**നം. 92/2018/ധന** **തീയതി, തിരുവനന്തപുരം, 05.10.2018**

വിഷയം: അവധിയാത്രാ ആനുകൂല്യം - പ്രഖ്യാപിത ലക്ഷ്യസ്ഥാനത്തിന്റെ മാറ്റം - സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന: സ.ഉ. (അച്ചടി) നമ്പർ 5/2013/ധന, തീയതി 02.01.2013.

സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്കും അധ്യാപകർക്കും സൂചന 1 പ്രകാരം അവധി യാത്രാ ആനുകൂല്യം അനുവദിച്ച് നൽകി ഉത്തരവായിരുന്നു. ഈ ഉത്തരവിലെ 7◌ാം ഖണ്ഡികയിൽ "സർക്കാർ സേവകന്റെ നിയന്ത്രണത്തിനപ്പുറമുള്ള സ്ഥിതിഗതികൾ കാരണം അവധിയാത്രാആനുകൂല്യം ഉപയോഗിച്ച് യാത്ര ആരംഭിക്കുന്നതിനു മുമ്പ് പ്രഖ്യാപിത ലക്ഷ്യസ്ഥാനത്തിന്റെ മാറ്റത്തിന് സർക്കാർ അഭ്യർത്ഥന പരിഗണിച്ചേക്കാം" എന്ന് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഈ വസ്തുത കണക്കിലെടുക്കാതെ മതിയായ കാരണങ്ങളൊന്നുമില്ലാതെ പ്രഖ്യാപിത ലക്ഷ്യസ്ഥാനം മാറ്റുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (1) പ്രകാരം അവധിയാത്രാ ആനുകൂല്യം ഉപയോഗിച്ച് യാത്ര നടത്തുമ്പോൾ യാത്ര ആരംഭിക്കുന്നതിനു മുമ്പുള്ള പ്രഖ്യാപിത ലക്ഷ്യസ്ഥാനത്തിലെ മാറ്റം സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ അനുവദിക്കൂ എന്നും, യാത്ര ആരംഭിച്ചതിന് ശേഷം പ്രഖ്യാപിത ലക്ഷ്യസ്ഥാനത്തിൽ മാറ്റം വരുത്തികൊണ്ടുള്ള ക്ലെയിമുകൾ അനുവദനീയമല്ല എന്നും വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഡോ.ഷർമിള മേരി ജോസഫ് IAS**
ധനകാര്യ (വ്യയം) സെക്രട്ടറി

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള. തിരുവനന്തപുരം
3. അക്കൗണ്ടൻറ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം
4. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ജോയിൻറ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ
5. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
6. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ
7. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
8. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ

9. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
10. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
11. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
12. ഡയറക്ടർ, ടെക്നിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം
13. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യുക്കേഷൻ, തിരുവനന്തപുരം
14. ഡയറക്ടർ, സംസ്ഥാന ജല ഗതാഗത വകുപ്പ്, ആലപ്പുഴ
15. ഗവർണ്ണറുടെ സെക്രട്ടറി
16. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
17. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
18. എല്ലാ വകുപ്പുമേധാവികൾക്കും, ഓഫീസ് മേലധികാരികൾക്കും
19. പ്രതിപക്ഷ നേതാവിന്റെയും ഗവ. ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
20. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
21. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
22. എല്ലാ ജില്ലാ ട്രഷറികൾ / സബ്ട്രഷറികൾ
23. നോഡൽ ഓഫീസർ www.finance.kerala.gov.in
24. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Ranjit

സെക്ഷൻ ഓഫീസർ